പാലക്കാട് ജില്ലയിലെ ഹാൻഡിലിംഗ് ചാർജ് കുടിശ്ശിക

320 [1250] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ താങ്ങുവില സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) നെല്ല് സംഭരിക്കാൻ ഏതെല്ലാം ഏജൻസികളെയാണ് സർക്കാർ ചുമതല പ്പെടുത്തിയിരുന്നത്;

(സി) ഈ ഏജൻസികൾ മുഖേന എത്ര ടൺ നെല്ല് സംഭരിച്ചു;

(ഡി) ഓരോ ജില്ലയിലും എത്ര ടൺ നെല്ല് വീതം സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) നെല്ല് സംഭരിച്ച ഇനത്തിൽ കഴിഞ്ഞ തവണ ഏജൻസികൾക്ക് കൊടുക്കു വാനുള്ള ഹാൻഡിലിംഗ് ചാർജ് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ;

(എഫ്) പാലക്കാട് ജില്ലയിൽ ഈയിനത്തിൽ വിവിധ ഏജൻസികൾക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ; ഈ തുക എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരാണ്. കഴിഞ്ഞ സീസണിൽ 500 രൂപയാണ് താങ്ങുവിലയായി പ്രഖ്യാപിച്ചിരുന്നത്.

(ബി) ഏജൻസികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) & (ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പൂർണ്ണമായും നൽകിയിട്ടില്ല.

(എഫ്) 53 ഏജൻസികൾക്ക് കൈകാര്യച്ചെലവ് ഇനത്തിൽ 2,76,86,873 രൂപ നൽകാനുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇതും കൊടുത്തുതീർക്കുന്നതാണ്.

നെല്ല് സംഭരണം -സഹകരണസംഘങ്ങൾക്ക് ഹാൻഡിലിംഗ് ചാർജ് നൽകാൻ നടപടി

321 [1251] *ശ്രീ. എ. സി. മൊയ്തീൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സഹകരണ സംഘങ്ങൾ സംഭരിച്ച നെല്ല് എത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെല്ല് വിറ്റഴിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നെല്ല് സംഭരണം നടത്തുന്ന സഹകരണസംഘങ്ങൾക്ക് സർക്കാർ നൽകേണ്ട ഹാന്റിലിംഗ് ചാർജ് ഈ വർഷം നെല്ല് സംഭരിച്ച തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് നൽകാൻ ഇനിയും ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സഹകരണസംഘങ്ങളും പാടശേഖര സമിതികളും മുഖേന 31227.811 ടൺ നെല്ല് സംഭരിച്ചു.

(ബി) കർഷകരിൽ നിന്നും സഹകരണസംഘങ്ങൾ, പാടശേഖരസമിതികൾ എന്നിവ സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതിക്ക് ഭക്ഷ്യവകുപ്പ് അനുമതി നൽകുകയും അതിൻപ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2004-05 വിരിപ്പ് സീസണിൽ സംഭരിച്ച നെല്ലിന്റെ കൈകാര്യച്ചെലവ് ഇതിനകം നൽകിയിട്ടുണ്ട്. മുണ്ടകൻ, പുഞ്ച സീസണിൽ സംഭരിച്ച് നെല്ലിന്റെ കൈകാര്യച്ചെലവ് നൽകിയിട്ടില്ല. സഹകരണസംഘങ്ങൾക്കും പാടശേഖരസമിതികൾക്കും കൂടി ഈ ഇനത്തിൽ തൃശ്ശൂരിൽ രണ്ടുകോടി അറുപത് ലക്ഷം രൂപ നൽകാനുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇതും കൊടുത്തു തീർക്കുന്നതാണ്.

സംഭരിച്ച നെല്ലിനുണ്ടായ നഷ്ടം

322 [1252] *ശ്രീ. കെ. എ. ചന്ദ്രൻ:*
„ *വർക്കല കഹാർ:*
„ *എം. മുരളി:*
„ *ജോർജ് ജെ. മാത്യു:*
„ *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ഈ വർഷം സംഭരിച്ച നെല്ല് എവിടെയെല്ലാമാണ് സൂക്ഷിച്ചത്;

(ബി) വേനൽ മഴയിൽ ഈ നെല്ലിന് നാശനഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു നഷ്ടമുണ്ടായി എന്നു പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly